compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2021 ഒക്ടോബർ 19

**Tuesday, 19th October 2021**

1197 തുലാം 3

**3rd Thulam 1197**

1943 ആശ്വിനം 27

**27th Aswina 1943**

വാല്യം 10

**Vol. X**

നമ്പർ
**No.** **41**

## Part III

## Fisheries and Ports

©

കേരള സർക്കാർ

GOVERNMENT OF KERALA

2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>വിജ്ഞാപനം</u>

നമ്പർ 3/2018. 2021 ആഗസ്റ്റ് 13.

ആലപ്പുഴ ജില്ലയിലെ മത്സ്യവകുപ്പ് തേവർവട്ടം, ഫിഷറീസ് സെക്ഷനിൽപ്പെട്ട കടുത്തപ്പാട് ഊന്നിപ്പാട്ടിലെ 56-ാം നമ്പർ ഊന്നി ഒന്നാം തരത്തിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ വടുതല മറ്റത്തിഭാഗം വില്ലേജിൽ പെരുമ്പളം മുറിയിൽ ജാതിക്കടവ് വെളിയിൽ അയ്യപ്പൻ വേലു പേർക്ക് പതിച്ചു പട്ടയം നല്കിയിട്ടുള്ളതാണ്. ടിയാന്റെ കൈവശാവകാശത്തിലിരിക്കെ 1987 മേയ് മാസം 13-ാം തീയതി പാണാവള്ളി സബ് രജിസ്ട്രാറിലെ 1248-ാം നമ്പർ ധനനിശ്ചയധാര പ്രകാരം ടിയാന്റെ മകനായ ചേർത്തല താലൂക്കിൽ പെരുമ്പളം വില്ലേജിൽ പെരുമ്പളം മുറിയിൽ ജാതിക്കടവ് വെളിയിൽ കാർത്തികേയൻ പേർക്ക് സിദ്ധിച്ചിട്ടുള്ളതാകുന്നു. മേൽപ്പടി കാർത്തികേയൻ മരണപ്പെട്ടതിനെ തുടർന്ന് 2011-ൽ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 13-7-2011-ലെ 1388/11-ാം നമ്പർ ഉത്തരവ് പ്രകാരം ടി 56-ാം നമ്പർ ഊന്നിവല പാണാവള്ളി സബ് രജിസ്ട്രാർ ഓഫീസിൽ 2467-ാം നമ്പർ കൂട്ടവകാശ ഒഴിമുറി ആധാരം പ്രകാരം ടിയാന്റെ ഭാര്യയായ ശ്രീമതി ഓമന കാർത്തികേയൻ ജാതിക്കടവ് വെളിയിൽ പെരുമ്പളം പേർക്ക് രജിസ്റ്റർ ചെയ്തു നല്കിയിട്ടുള്ളതാണ്.

ടി ഓമന കാർത്തികേയൻ ടി 56-ാം നമ്പർ ഊന്നി തന്റെ പേരിൽ കൂട്ടി പോക്കുവരവ് ചെയ്തു പുതിയ പട്ടയം നൽകണമെന്ന് കാണിച്ച് പ്രമാണത്തിന്റെ ശരിപ്പകർപ്പ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു. ടിയാൻ കാർത്തികേയൻ ജാതിക്കടവിൽ എന്നയാളുടെ നിയമാനുസൃത പിന്തുടർച്ചാവകാശിയുമാണ്.

മേൽ സാഹചര്യത്തിൽ ഊന്നിപ്പാട്ടിലെ 56-ാം നമ്പർ ഊന്നിയുടെ പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ടിയാന് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉണ്ടെങ്കിൽ ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പ് കൂടാതെ കടുത്തപ്പാട് 56-ാം നമ്പർ ഊന്നിയുടെ പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ശ്രീമതി ഓമന കാർത്തികേയൻ ജാതിക്കടവ് വെളിയിൽ പെരുമ്പളം പേർക്ക് നൽകുന്നതാണെന്ന് ഇതിനാൽ സകലമാനപേരെയും അറിയിച്ചു കൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
ആലപ്പുഴ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.10.19 12:28:53 +05:30